Language Code : **09**

इस पुस्तिका में **20** मुद्रित पृष्ठ हैं।
This booklet contains **20** Printed pages.

# JSS-24-I

**प्रश्न-पत्र-I / PAPER-I**

**मलयालम भाषा परिशिष्ट**

**Malayalam Language Supplement**

**भाग-IV & V / PART-IV & V**

**मुख्य परीक्षा पुस्तिका संख्या / Main Test Booklet No.**

**मुख्य परीक्षा पुस्तिका कोड / Main Test Booklet Code**

**A**

**इस परीक्षा पुस्तिका को तब तक न खोलें जब तक कहा न जाए।**
**Do not open this Test Booklet until you are asked to do so.**
**इस परीक्षा पुस्तिका के पिछले आवरण (पृष्ठ 19 व 20) पर दिए निर्देशों को ध्यान से पढ़ें।**
**Read carefully the Instructions on the Back Cover (Page 19 & 20) of this Test Booklet.**

**मलयालम में निर्देशों के लिए इस पुस्तिका का पृष्ठ 2 देखें। / FOR INSTRUCTIONS IN MALAYALAM SEE PAGE 2 OF THIS BOOKLET.**

## परीक्षार्थियों के लिए निर्देश

1. यह पुस्तिका मुख्य परीक्षा पुस्तिका की एक परिशिष्ट है, उन परीक्षार्थियों के लिए जो **या** तो भाग IV (भाषा I) **या** भाग V (भाषा II) **मलयालम** भाषा में देना चाहते हैं, लेकिन **दोनों नहीं**।
2. परीक्षार्थी भाग I एवं भाग II **या** III के उत्तर मुख्य परीक्षा पुस्तिका से दें और भाग IV व V के उत्तर उनके द्वारा चुनी भाषाओं से।
3. अंग्रेज़ी व हिन्दी भाषा पर प्रश्न मुख्य परीक्षा पुस्तिका में भाग IV व भाग V के अन्तर्गत दिए गए हैं। भाषा परिशिष्टों को आप अलग से माँग सकते हैं।
4. इस पृष्ठ पर विवरण अंकित करने एवं उत्तर पत्र पर निशान लगाने के लिए **केवल काले/नीले बॉल पॉइंट पेन** का प्रयोग करें।
5. इस भाषा पुस्तिका का **संकेत** है **A**। यह सुनिश्चित कर लें कि इस भाषा परिशिष्ट पुस्तिका का संकेत, उत्तर पत्र के **पृष्ठ-2** एवं मुख्य परीक्षा पुस्तिका पर छपे संकेत से मिलता है। अगर यह भिन्न हो, तो परीक्षार्थी दूसरी भाषा परिशिष्ट परीक्षा पुस्तिका लेने के लिए निरीक्षक को तुरन्त अवगत कराएँ।
6. इस परीक्षा पुस्तिका में **दो** भाग IV और V हैं, जिनमें **60** वस्तुनिष्ठ प्रश्न हैं, जो प्रत्येक 1 अंक का है :
   भाग-IV : भाषा-I (मलयालम) (प्र. 91 से प्र. 120)
   भाग-V : भाषा-II (मलयालम) (प्र. 121 से प्र. 150)
7. भाग-IV में भाषा-I के लिए 30 प्रश्न और भाग-V में भाषा-II के लिए 30 प्रश्न दिए गए हैं। इस परीक्षा पुस्तिका में केवल मलयालम भाषा से संबंधित प्रश्न दिए गए हैं। **यदि भाषा-I और/या भाषा-II में आपके द्वारा चुनी गई भाषा(एँ) मलयालम के अलावा है तो कृपया उस भाषा वाली परीक्षा पुस्तिका माँग लीजिए। जिन भाषाओं के प्रश्नों के उत्तर आप दे रहे हैं वह आवेदन पत्र में चुनी गई भाषाओं से अवश्य मेल खानी चाहिए।**
8. **परीक्षार्थी भाग-V (भाषा-II) के लिए, भाषा सूची से ऐसी भाषा चुनें जो उनके द्वारा भाषा-I (भाग-IV) में चुनी गई भाषा से भिन्न हो।**
9. रफ कार्य परीक्षा पुस्तिका में इस प्रयोजन के लिए दी गई खाली जगह पर ही करें।
10. सभी उत्तर केवल OMR उत्तर पत्र पर ही अंकित करें। अपने उत्तर ध्यानपूर्वक अंकित करें। उत्तर बदलने हेतु श्वेत रंजक का प्रयोग निषिद्ध है।

## INSTRUCTIONS FOR CANDIDATES

1. This booklet is a supplement to the Main Test Booklet for those candidates who wish to answer **EITHER** Part IV (Language I) **OR** Part V (Language II) in **MALAYALAM** language, but **NOT BOTH**.
2. Candidates are required to answer Part I and Part II **OR** III from the Main Test Booklet and Parts IV and V from the languages chosen by them.
3. Questions on English and Hindi languages for Part IV and Part V have been given in the Main Test Booklet. Language Supplements can be asked for separately.
4. Use **Black/Blue Ball Point Pen only** for writing particulars on this page/marking responses in the Answer Sheet.
5. The CODE for this Language Booklet is **A**. Make sure that the CODE printed on **Side-2** of the Answer Sheet and on your Main Test Booklet is the same as that on this Language Supplement Test Booklet. In case of discrepancy, the candidate should immediately report the matter to the Invigilator for replacement of the Language Supplement Test Booklet.
6. This Test Booklet has **two** Parts, IV and V, consisting of **60** Objective Type Questions, each carrying 1 mark :
   Part-IV : Language-I (Malayalam) (Q. 91 to Q. 120)
   Part-V : Language-II (Malayalam) (Q. 121 to Q. 150)
7. Part-IV contains 30 questions for Language-I and Part-V contains 30 questions for Language-II. In this Test Booklet, only questions pertaining to Malayalam language have been given. **In case the language/s you have opted for as Language-I and/or Language-II is a Language other than Malayalam, please ask for a Test Booklet that contains questions on that language. The language being answered must tally with the languages opted for in your Application Form.**
8. **Candidates are required to attempt questions in Part-V (Language-II) in a language other than the one chosen as Language-I (in Part-IV) from the list of languages.**
9. Rough work should be done only in the space provided in the Test Booklet for the same.
10. The answers are to be recorded on the OMR Answer Sheet only. Mark your responses carefully. No whitener is allowed for changing answers.

परीक्षार्थी का नाम (बड़े अक्षरों में) : ____________________
Name of the Candidate (in Capitals) :

अनुक्रमांक : (अंकों में) / Roll Number : in figures ____________________
: शब्दों में / in words ____________________

परीक्षा केन्द्र (बड़े अक्षरों में) : ____________________
Centre of Examination (in Capitals) :

परीक्षार्थी के हस्ताक्षर : ____________________ निरीक्षक के हस्ताक्षर : ____________________
Candidate's Signature : Invigilator's Signature :

Facsimile Signature Stamp of
Centre Superintendent : ____________________

Language Code : **09**

# JSS-24-I

പരീക്ഷാ ചെറുപുസ്തകസങ്കേതം

**A**

ഈ പുസ്തികയിൽ **20** താളുകൾ ഉണ്ട്

**പേപ്പർ-I**

**മലയാളഭാഷ അനുബന്ധം**

**ഭാഗം IV & V**

**പറയുന്നതുവരെ ഈ പരീക്ഷാപുസ്തിക തുറക്കരുത്.**

**ഈ പുസ്തികയുടെ പുറംതാളിൽ (പേജ് 19 & 20) കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ വായിക്കുക.**

**പരിക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ :**

1. ഈ പുസ്തിക മുഖ്യപരീക്ഷാപുസ്തകത്തിന്റെ ഒരു അനുബന്ധമാണ് IV (ഭാഷ I) അല്ലെങ്കിൽ V (ഭാഷ II) ഭാഗം മാത്രം മലയാളത്തിൽ ഉത്തരമെഴുതാൻ ആഗ്രഹിക്കുന്ന പരീക്ഷാർത്ഥികൾക്കുവേണ്ടിയാണ്, രണ്ടുഭാഗങ്ങളും ഒരേ ഭാഷയിൽ എഴുതാനല്ല.
2. പരീക്ഷാർത്ഥികൾ I ഉം, II ഓ III ഓ ഭാഗവും മുഖ്യപരീക്ഷാപുസ്തകത്തിലും IV ഉം V ഉം ഭാഗങ്ങൾ തങ്ങൾ തിരഞ്ഞെടുത്ത ഭാഷയിലും ഉത്തരമെഴുതണം.
3. IV ഉം V ഉം ഭാഗങ്ങളിലെ ഇംഗ്ലിഷ്/ഹിന്ദീചോദ്യങ്ങൾ മുഖ്യപരീക്ഷാപുസ്തകത്തിലുണ്ട്. ഇതരഭാഷ അനുബന്ധങ്ങൾ ചോദിച്ചു വാങ്ങുക.
4. ഈ പേജിലെ വിവരങ്ങൾ എഴുതാനും/ഉത്തരം എഴുതാനും, **നീല ബോൾ പോയിന്റ് പേന മാത്രം** ഉപയോഗിക്കുക.
5. ഈ പുസ്തികയുടെ സങ്കേതം (കോഡ്) **A** ആണ്. നിങ്ങളുടെ ഉത്തരക്കടലാസ്സിന്റെ **വശം 2**-ലും നിങ്ങളുടെ മുഖ്യപരീക്ഷാപുസ്തകത്തിലും ഉള്ള സങ്കേതം (കോഡ്) ഈ ഭാഷ അനുബന്ധത്തിലുള്ള ആതേ കോഡ് തന്നെ എന്ന് ഉറപ്പുവരുത്തുക.
6. IV, V എന്ന **രണ്ടു** ഭാഗങ്ങൾ ഈ പുസ്തികയിൽ ഉണ്ട്. **60** വസ്തുനിഷ്ഠമായ (ഓബ്ജക്ടിവ്) ചോദ്യങ്ങളും ഉണ്ട്. ഓരോ ചോദ്യത്തിനും **ഒരു (1)** മാർക്ക്.
   ഭാഗം **IV**- ഭാഷ-**I** (മലയാളം) *(ചോദ്യം 91 - 120)*
   ഭാഗം **V**- ഭാഷ-**II** (മലയാളം) *(ചോദ്യം 121 - 150)*
7. ഭാഗം **IV** ൽ (ഭാഷ I) **30** ചോദ്യങ്ങളും ഭാഗം V ൽ (ഭാഷ II) **30** ചോദ്യങ്ങളും ഉണ്ട്. ഈ പുസ്തികയിൽ മലയാള ഭാഷയിൽ മലയാളഭാഷയെ ആസ്പദമാക്കിയ ചോദ്യങ്ങളാണ് ഉള്ളത്. **നിങ്ങൾ മലയാളഭാഷയല്ലാതെ വേറെ ഭാഷ I/ഭാഷ II ആണ് തിരഞ്ഞെടുത്തതെങ്കിൽ, ആ ഭാഷയിലെ ചോദ്യങ്ങൾ ആവശ്യപ്പെടുക. അപേക്ഷാ ഫോമിലെന്തു ഭാഷയാണോ നിങ്ങൾ ഐച്ഛികമായി എടുത്തിരിക്കുന്നത് ആതേ ഭാഷയിലെ തന്നെ ചോദ്യങ്ങൾക്കായിരിക്കണം നിങ്ങൾ ഉത്തരമെഴുതേണ്ടത്.**
8. **പരീക്ഷാർത്ഥികൾ ഭാഗം V (ഭാഷ II) ൽ ഉത്തരമെഴുതുന്ന ഭാഷ ഭാഗം IV (ഭാഷ I)ൽനിന്നു വ്യത്യസ്തമായ ഭാഷയായിരിക്കണം.**
9. റഫ് വർക്ക് ചെയ്യുന്നതിന് പരീക്ഷാപുസ്തികയിൽ അതിനായി തന്നിട്ടുള്ള സ്ഥാനത്തു മാത്രം ചെയ്യുക.
10. ഉത്തരങ്ങൾ OMR ഉത്തരപുസ്തികയിൽ മാത്രം രേഖപ്പെടുത്തുക. ഉത്തരം ശ്രദ്ധാപൂർവ്വം രേഖപ്പെടുത്തുക. ശ്വേത രഞ്ജകം (Whitener) ഉപയോഗിക്കാൻ അനുവാദമില്ല.

പരീക്ഷാർത്ഥിയുടെ പേര് : ______________________

റോൾ നമ്പർ : (അക്കത്തിൽ) : ______________________

: (അക്ഷരത്തിൽ): ______________________

പരീക്ഷാകേന്ദ്രം (വലിയ അക്ഷരത്തിൽ): ______________________

പരീക്ഷാർത്ഥിയുടെ ഒപ്പ് : ______________ ഇൻവിജിലേറ്ററിന്റെ ഒപ്പ് : ______________

Facsimile signature stamp of
Centre Superintendent ______________________

**ഭാഷ I മലയാളം** തിരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം IV** (**ചോദ്യങ്ങൾ 91-120**) ഉത്തരമെഴുതുക.

Candidates should attempt the questions from **Part-IV (Q.No. 91-120)**, if they have opted **MALAYALAM** as **Language-I** only.

## PART-IV
## LANGUAGE-I
## MALAYALAM

| |
|---|
| **ഭാഷ-I മലയാളം** തിരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം-IV** (**ചോദ്യങ്ങൾ 91-120**) ഉത്തരമെഴുതുക. |

**താഴെക്കൊടുത്തിട്ടുള്ള ഗദ്യഭാഗം വായിച്ച ശേഷം ചോദ്യങ്ങൾക്ക് (91-99) ശരിയുത്തരം തിരഞ്ഞെടുത്ത് എഴുതുക.**

രാജരാജന്റെയും രാജേന്ദ്രന്റെയും കാലഘട്ടങ്ങളിലെ ചോഴാക്രമണങ്ങളെത്തുടർന്ന്, അതീവ ദുർബ്ബലരായിപ്പോയ മഹോദയപുരം പെരുമാക്കന്മാരുടെ ഒരു താവഴി ആറങ്ങോട്ടു തളി എന്ന് ഇന്നു പറഞ്ഞുവരുന്ന നെടുംപുറം തളി ആസ്ഥാനമാക്കി ഹ്രസ്വകാലം ഭരണം നടത്തിയതും തുടർന്ന് ഈ ശാഖ വള്ളുവനാട് സ്വരൂപത്തിൽ ലയിച്ച് ആറങ്ങോട്ട് ഉടയവനായതും അജ്ഞാതകേരളചരിത്രത്തിലെ ഒരദ്ധ്യായമാണ്.മാമാങ്കമഹോത്സവത്തിന്റെ രക്ഷാധികാരിത്വവും അതുവഴി കേരളത്തിലെ നാടുവാഴി സ്വരൂപങ്ങളിൽ മുൻഗണനാസ്ഥാനവും ഉണ്ടായിരുന്ന വള്ളുവക്കോനാതിരിയെ കീഴ്പെടുത്തി, ഉത്തര കേരളത്തിന്റെ മേൽക്കോയ്മ സാമൂതിരി സ്വന്തമാക്കിയതാണ് ആ കാലഘട്ടത്തിലെ ഗണനീയ സംഭവങ്ങളിലൊന്ന്.

മാമാങ്കത്തിനു പുറമെ, രേവതീപട്ടത്താനവും കടവല്ലൂരന്യോന്യവും പോലുള്ള സാംസ്കാരിക മഹോത്സവങ്ങൾക്ക് സാമൂതിരിമാർ നേതൃത്വം നല്കിയിരുന്നു. മലയാളിയെക്കാൾ മലയാളിത്തം പ്രദർശിപ്പിക്കുവാൻ സാമൂതിരിമാരെ പ്രേരിപ്പിച്ചത്, നെടിയിരുപ്പ് ഏറാടിമാരായിരുന്ന കാലത്ത് അവർക്കുണ്ടായിരുന്ന ചോഴബന്ധങ്ങളാണെന്നു വരാം. തമിഴ്വാഴ്ത്തൽ ആദ്യമായി തുടങ്ങിയത് തമിഴ് മാതൃഭാഷയല്ലാത്ത പല്ലവരായിരുന്നല്ലോ!

പോർട്ടുഗീസുകാരുടെ ആഗമനവും പാരമ്പര്യസൈനികായുധങ്ങളുടെ അപര്യാപ്തതകളും നാടുവാഴിസ്വരൂപങ്ങളുടെ പരസ്പരമുള്ള കുടിപ്പകകളെ കൂടുതൽ തീവ്രമാക്കിയിരുന്നു. ഇടവിട്ടിടവിട്ട് ഉണ്ടായിക്കൊണ്ടിരുന്ന പടയോട്ടങ്ങൾ സാമൂതിരിമാരുടെയും കൊച്ചിത്തമ്പുരാക്കന്മാരുടെയും സൈന്യങ്ങളെ വിശ്രമസുഖം അനുഭവിപ്പിക്കാതാക്കി. എന്നാൽ, വ്യാപാരരംഗത്തുണ്ടായ സാമ്പത്തികാനുകൂല്യങ്ങൾ, നാടുവാഴിസ്വരൂപങ്ങളെ സജീവമാക്കി. തന്ത്രസമുച്ചയം, ശില്പരത്നം തുടങ്ങിയ കൃതികളുടെ രചനാകാലവും ഇതായിരുന്നു. അനേകംക്ഷേത്രങ്ങൾ പുതുക്കിപ്പണിതതും ഇക്കാലത്തായിരുന്നുവല്ലോ. കോകിലസന്ദേശകാരനായ ഉദ്ദണ്ഡശാസ്ത്രികളും താർക്കികനായ കാക്കശ്ശേരി ഭട്ടതിരിയും തന്ത്രസമുച്ചയകാരനായ ചേന്നാസ്സുനമ്പൂതിരിയും അരക്കവിയായ പുനവും ഉൾപ്പെട്ട പതിനെട്ടരക്കവികളും അവരുടെ പുരസ്കർത്താവായ മാനവിക്രമ സാമൂതിരിയും ചേർന്ന് കോഴിക്കോടിന്റെ പ്രതാപം കേരളം മുഴുവൻ പ്രസരിപ്പിച്ചു.

മാനവിക്രമൻ സാമൂതിരിയെപ്പോലെ തന്നെ ഒരു മിലിട്ടറി ജീനിയസ് എന്നു വിശേഷിപ്പിക്കാവുന്ന അനന്തരവൻ മാനവേദൻ (1637 - 1648) പൂർവ്വഭാരതം ചമ്പുവിന്റെയും അതിനുപരി കൃഷ്ണ ഗീതിയുടെയും രചയിതാവ് എന്ന നിലയിലാണ് ഇന്നറിയപ്പെടുന്നത്. മേല്പുത്തൂർ, എഴുത്തച്ഛൻ, വില്വമംഗലം, പൂന്താനം തുടങ്ങിയ പ്രതിഭാശാലികളായ കവികളുടെ നേതൃത്വത്തിൽ ആരംഭിച്ച പുതിയ വൈഷ്ണവഭക്തിപ്രസ്ഥാനം, ജയദേവന്റെ 'ഗീതഗോവിന്ദ' ത്തിന് കൂടുതൽ പ്രചാരം നല്കി.

91. 'മേൽക്കോയ്മ' എന്നതിലെ സന്ധി എന്ത് ?

(1) ആദേശം (2) ആഗമം (3) ദ്വിത്വം (4) ലോപം

92. വള്ളുവനാട്ടുസ്വരൂപത്തിൽ ലയിച്ചതെന്ത് ?

(1) മഹോദയപുരം പെരുമാക്കന്മാരുടെ ശാഖ

(2) പോർട്ടുഗീസുകാർ

(3) സൈനികർ

(4) കൊച്ചിത്തമ്പുരാക്കന്മാർ

93. 'ഗീതഗോവിന്ദ' ത്തിന് സ്വീകാര്യത വർദ്ധിപ്പിച്ചതെന്ത് ?

(1) വൈഷ്ണവഭക്തിപ്രസ്ഥാനം (2) എഴുത്തച്ഛൻ ഹരിനാമകീർത്തനം രചിച്ചത്

(3) കൃഷ്ണഗീതി എഴുതിയത് (4) മേല്പുത്തൂരിന്റെ സംഭാവന

94. മാനവിക്രമ സാമൂതിരി സംരക്ഷിച്ച കവിസംഘം ഏത് ?

(1) വൈഷ്ണവകവികൾ (2) കിളിപ്പാട്ടുകവികൾ

(3) പതിനെട്ടരക്കവികൾ (4) കീർത്തനസംഘം

95. 'കൃഷ്ണഗീതി' യുടെ കർത്താവ് :

(1) വില്വമംഗലം (2) മാനവേദൻ (3) പൂന്താനം (4) മാനവിക്രമൻ

96. ഉദ്ദണ്ഡശാസ്ത്രികൾ രചിച്ച കൃതി ഏത് ?

(1) ശില്പരത്നം (2) രാമായണം ചമ്പു

(3) തന്ത്ര സമുച്ചയം (4) കോകിലസന്ദേശം

97. പടയോട്ടങ്ങൾ സൈന്യങ്ങൾക്കു നല്കിയതെന്ത് ?

(1) ലയനം (2) ദുഃഖം (3) കുടിപ്പക (4) അപര്യാപ്തത

98. മഹോദയപുരം തളരാൻ കാരണം ?

(1) മേൽക്കോയ്മ (2) ലയനം

(3) ചോഴന്മാരുടെ ആക്രമണം (4) മാമാങ്കം

99. 'നിർഗമനം' എന്നതിന്റെ വിപരീതാർത്ഥത്തിൽ ഈ ഗദ്യത്തിലുള്ള വാക്ക് ഏത് ?

(1) പ്രതാപം (2) ആഗമനം (3) താവഴി (4) പ്രദർശനം

**താഴെ കൊടുത്തിട്ടുള്ള പദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (100-105) ശരിയുത്തരം തിരഞ്ഞെടുത്ത് എഴുതുക.**

പുറത്തു നോക്കി ഞാൻ പുതിയ നീഹാര-
പ്പുതപ്പു നീക്കിയന്നൊരു പുലരിയിൽ

വരണ്ട പാരിടം, ഇരുണ്ട വിണ്ടലം-
വരേണ്ടതെന്തതിൽപ്പരം ദുരിതങ്ങൾ!

ചുരുക്കിയോതിടാ, മവിടുന്നെൻ ഗതി
തിരിച്ചുവിട്ടിതാ നിയതിതൻ കരം;

പ്രഭാവധോരണിക്കഭാവമറ്റതാം
പ്രദേശമിപ്പോളെൻ പ്രവാഹപദ്ധതി.

കരുണതൻ ദിവ്യകണികകളെന്നിൽ
നിരന്തരം വന്നു പതിക്കുന്നുണ്ടിപ്പോൾ,

ഒരല്ലലില്ലെനിക്കിവിടെ, യെങ്കിലും
വരുന്നതില്ല മേ സമാധാനം തെല്ലും!

ചെറുക്കുന്നെൻ ഗതി ചിറയാലെ ചിലർ
മറുത്തുപോകുവാനശക്തയാണു ഞാൻ;

മലയ്ക്കുമാഴിക്കുമിടയിൽപ്പെട്ടിപ്പോൾ
മലയ്ക്കയാണെന്നാൽ മലിനയല്ലേതും;

തിരിച്ചു ദിക്കിലേക്കിനിയൊരിക്കലും
തിരിച്ചുപോകുവാനൊരുങ്ങുകില്ല ഞാൻ.

**100.** വഴി മാറ്റിവിട്ടത് ആര് ?

(1) കണിക (2) വിധി (3) ചിറ (4) ദിക്ക്

**101.** ദുരിതകാരണങ്ങൾ ഏവ ?

(1) വരണ്ടഭൂമിയും ഇരുണ്ട ആകാശവും
(2) വരണ്ട ആകാശവും ഇരുണ്ടഭൂമിയും
(3) തിരിച്ചുവിട്ടത്
(4) ചുരുക്കിയോതിയത്

102. 'അഭാവം' എന്ന വാക്കിന്റെ അർത്ഥം :

(1) സ്വഭാവം (2) പ്രഭാവം (3) ഇല്ലായ്മ (4) വല്ലായ്മ

103. എന്തു നീക്കിയാണ് പുറത്തു നോക്കിയത് ?

(1) പാരിടം (2) മഞ്ഞുപുതപ്പ് (3) വിണ്ടലം (4) പ്രവാഹം

104. 'വിണ്ടലം' എന്നതിലെ സന്ധി എന്ത് ?

(1) ആഗമം (2) ദ്വിത്വം (3) ലോപം (4) ആദേശം

105. 'പ്രവാഹപദ്ധതി' എന്നതിലെ സമാസം ഏത് ?

(1) നിർദ്ദേശികാതത്പുരുഷൻ (കർമധാരയൻ)
(2) ആധാരികാതത്പുരുഷൻ
(3) ബഹുവ്രീഹി
(4) ദ്വന്ദ്വൻ

106. മസ്തിഷ്കപ്രക്ഷാളനത്തിനു ശേഷവും വിഷയത്തെപ്പറ്റി കുട്ടി അവളുടേതായ ഒരുഖണ്ഡിക എഴുതുന്നില്ല. എന്നിരുന്നാലും, അവൾക്കിത് മുതിർന്ന വ്യക്തിയുടെയോ സഹപാഠികളുടെയോ മാർഗ്ഗനിർദ്ദേശത്തിൽ എഴുതാൻ കഴിയുന്നുണ്ട്. ഈ മാർഗ്ഗനിർദ്ദേശത്തെ പറയുന്നത് :

(1) കൈത്താങ്ങുക (2) സതീർത്ഥ്യബോധനം
(3) സതീർത്ഥ്യോപദേശം (4) സംഘാധ്യാപനം

107. കുട്ടി, വിവേകം അഥവാ യുക്തിവിചാരം പോലുള്ള ഉന്നതതല മാനസികപ്രക്രിയകൾ ഉപയോഗിക്കുന്ന പഠനരീതിയാണ് :

(1) വാക്കാലുള്ള പഠനം (2) സങ്കല്പനപഠനം
(3) ചലനശേഷീപഠനം (4) ഘടനാപഠനം

108. നിങ്ങൾ അധ്യാപിക എന്ന നിലയിൽ കുട്ടിയുടെ ആകെക്കൂടിയുള്ള ഭാഷോപയോഗത്തെ അഭിനന്ദിക്കുന്നു. അവൾ ചില വാക്കുകളുടെ അക്ഷരങ്ങൾ തെറ്റായി ഉപയോഗിക്കുന്നുണ്ടെങ്കിലും നിങ്ങളുടെ ക്ലാസിൽ നിങ്ങൾ ഉപയോഗിക്കുന്നത് __________ സമീപനമാണ്.

(1) സമ്പൂർണ്ണഭാഷ (2) ആശയവിനിമയ
(3) ജ്ഞാനനിർമ്മിതിവാദപരമായ (4) ഘടനാപരമായ

109. നിങ്ങൾ ഹിന്ദി സംസാരിക്കുന്ന അദ്ധ്യാപികയാണ്. എന്നാൽ, നിങ്ങൾക്ക് പഞ്ചാബുപ്രദേശത്തുള്ള ഒരു പ്രാഥമികവിദ്യാലയത്തിൽ നിയമനം കിട്ടുന്നു. ആ പ്രദേശത്തെ ജനങ്ങളുടെ ഭാഷ അറിയാത്തതുകൊണ്ടു നിങ്ങൾ...

(1) ഹിന്ദി സംസാരിക്കുന്ന പ്രദേശത്തേക്ക് സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നു.
(2) കുട്ടിയുടെ ഭാഷയെ ഒരുവിഭവമായി സ്വീകരിക്കുകയും പഠിപ്പിച്ചുതുടങ്ങുകയും ചെയ്യുക.
(3) ഇംഗ്ലിഷിൽ വിനിമയം ചെയ്യുക.
(4) ആ സമൂഹത്തെ ഹിന്ദി പഠിക്കാൻ പ്രേരിപ്പിക്കുക.

**110.** പാഠത്തിൽനിന്ന് ഒരുനിശ്ചിതവിവരം വേർതിരിച്ചെടുക്കുക എന്ന ഉദ്ദേശ്യത്തോടു കൂടി പാഠത്തിന്റെ ഒരുഭാഗത്തെ സൂക്ഷ്മമായോ വിശാലമായോ വായിക്കുന്ന നൈപുണിയാണ് __________ ഗ്രഹണ ശക്തി.

(1) ആഗോള (2) പ്രാദേശിക (3) അനുമാനസിദ്ധ (4) മൂല്യനിർണ്ണയ

**111.** ഭാഷാപഠനത്തിൽ നിർണയനപരിശോധനകൊണ്ട് ഉദ്ദേശിക്കുന്നത് :

(1) ആത്യന്തികമൂല്യനിർണയത്തിനു വേണ്ടുന്ന ചോദ്യങ്ങൾ ആസൂത്രണം ചെയ്തു തയ്യാറാക്കുക.

(2) PTM കളിൽ രക്ഷിതാക്കളെ അറിയിക്കുകയും പ്രത്യേകം ശ്രദ്ധിക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്നു.

(3) പഠിതാക്കളുടെ വിനിമയവിടവുകൾ മനസ്സിലാക്കി പരിഹാരനടപടികൾ സ്വീകരിക്കുന്നു.

(4) പഠിതാക്കളുടെ പ്രോഗ്രസ് റിപ്പോർട്ടുകളിലെ കണ്ടെത്തലുകൾ ഉപയോഗപ്പെടുത്തുന്നു.

**112.** താഴെക്കൊടുത്തിട്ടുള്ളവയിൽ പാഠപുസ്തകത്തെസ്സംബന്ധിച്ച ശരിയായ പ്രസ്താവന ഏത് ?

(1) അധ്യാപികയുടെയും വിദ്യാർത്ഥിയുടെയും അവസാനത്തെ ഉപാധിയാണ് പാഠപുസ്തകം.

(2) പാഠ്യപദ്ധതിയിൽ വിശദമാക്കിയിട്ടുള്ള ലക്ഷ്യങ്ങൾ നേടാൻ ഇതുപകരിക്കുന്നു.

(3) ഒരുകാലയളവിലെ വിദ്യാഭ്യാസപ്രവർത്തനങ്ങളെസ്സംബന്ധിച്ച ആസൂത്രണമാണ് അത്.

(4) പാഠപുസ്തകം പകരം വയ്ക്കാനില്ലാത്തതാണ്.

**113.** താഴെക്കൊടുത്തിട്ടുള്ള ക്ലാസ് മുറി പ്രയോഗങ്ങളിൽ കുട്ടികളുടെ വാമൊഴിഭാഷ വികസിപ്പിക്കാൻ അധ്യാപികയെ സഹായിക്കുന്നതെന്ത് ?

(1) അദ്ധ്യാപികയോടൊപ്പമുള്ള പാഠത്തിന്റെ സംഘവായന

(2) കവിത ഹൃദിസ്ഥമാക്കിയ ശേഷമുള്ള സംഘമായ പദ്യംചൊല്ലൽ

(3) കഥാപാത്രാവതരണത്തിലെ പങ്കാളിത്തം

(4) പുതിയതോ അപരിചിതമോ ആയ വാക്കുകളുടെ ശരിയായ ഉച്ചാരണപരിശീലനം

**114.** 'ഭാഷ സ്വേച്ഛാപരമാണ്' എന്നു പറയുമ്പോൾ നാം അർത്ഥമാക്കുന്നത് :

(1) ഒരുഭാഷയിലെ വാക്കുകൾക്കും അവയുടെ അർത്ഥങ്ങൾക്കുമിടയിൽ ജന്മസിദ്ധമായ ഒരു ബന്ധമുണ്ടെന്നാണ്.

(2) വാക്കുകൾക്കും അർത്ഥത്തിനുമിടയിലെ ബന്ധം വിലപ്പെട്ട ഒരുകാരണത്തെ അടിസ്ഥാനമാക്കിയാണ്, അല്ലാതെ, അവസരത്തെ അടിസ്ഥാനമാക്കിയല്ല.

(3) ഒരുഭാഷയിലെ വാക്കുകൾക്കും അവയുടെ അർത്ഥങ്ങൾക്കുമിടയിൽ ജന്മസിദ്ധമായ ഒരു ബന്ധവും ഇല്ല.

(4) പൂർവനിശ്ചിതമായ തത്ത്വങ്ങളെ പിന്തുടരുകയാണ് ഭാഷ.

**115.** വ്യാകരണപഠനത്തിന്റെ നിഗമനരീതി വാദിക്കുന്നത് എന്തെന്നാൽ, ഒന്നാമതായി നാം ചെയ്തിരിക്കേണ്ടത് :

(1) ഉദാഹരണങ്ങൾ കാണിക്കുക.

(2) നിയമങ്ങൾ അവതരിപ്പിക്കുക.

(3) യഥാർത്ഥമായ ആശയവിനിമയം നടത്തുക.

(4) കളികളിൽക്കൂടി പരിശീലനം നല്കുക.

**116.** മതിപ്പിന്റെയോ ഊഹത്തിന്റെയോ അപ്പുറം യാഥാർത്ഥ്യങ്ങളുടെ രീതിയാണ് __________.

(1) വിശദീകരണം (2) വിശകലനം

(3) അനുമാനം (4) ചാപഗതിനിർണയം

**117.** സ്വതന്ത്രരചനയുടെ മുഖ്യപ്രയോജനം __________ ആയതിനാൽ, ഭാഷാധ്യാപിക പഠിതാക്കളുടെ സ്വതന്ത്രരചനയെ നിർബന്ധമായും പ്രോത്സാഹിപ്പിക്കണം.

(1) അതും പഠിതാക്കളെ അനർഗളവും സർഗാത്മകവുമായി എഴുതാൻ പ്രോത്സാഹിപ്പിക്കുന്നത്

(2) എഴുതണമോ വേണ്ടയോ എന്ന സ്വാതന്ത്ര്യം ഉള്ളത്

(3) അധികം എഴുതണമെന്നോ എല്ലാം ശരിയാകണമെന്നോ തോന്നിക്കാത്തത്

(4) അവരുടെ ഒന്നാംഭാഷയിൽനിന്ന് എഴുത്തുഭാഷയിലെ സവിശേഷതകളെ കൂട്ടിയോജിപ്പിക്കാവുന്നത്

**118.** ക്ലാസ് V ലെ അദ്ധ്യാപിക എന്ന നിലയിൽ ക്ലാസിലെ കുട്ടികളോട് പാഠം നന്നായി ശ്രദ്ധിച്ചു വായിക്കാൻ നിങ്ങൾ ആവശ്യപ്പെടുന്നു. തുടർന്ന് സന്ദർഭത്തോടു ബന്ധപ്പെടുത്തി (RTC) ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ അവരോട് ആവശ്യപ്പെടുന്നു. ഈ പ്രക്രിയയിൽ നിങ്ങൾ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നത് :

(1) പരന്നവായനയ്ക്ക് (2) സൂക്ഷ്മപരിശോധനയ്ക്ക്

(3) ദ്രുതവായനയ്ക്ക് (4) തീക്ഷ്ണവായനയ്ക്ക്

**119.** ഭാഷാസമാർജ്ജനം എപ്പോൾ മാത്രമാണ് ദൃശ്യമാകുന്നതെന്നാൽ,

(1) കുട്ടി വ്യാകരണനിയമങ്ങൾ പഠിച്ചുകഴിയുമ്പോൾ

(2) കുട്ടിക്ക് വിവർത്തനം ചെയ്യാൻ പരിശീലനം കൊടുക്കുമ്പോൾ

(3) കുട്ടിക്ക് വായിക്കാൻ അവസരം കൊടുക്കുമ്പോൾ

(4) കുട്ടിക്ക് ഭാഷയിൽ ആഭിമുഖ്യം ഉണ്ടാകുമ്പോൾ

**120.** ക്ലാസ് മുറിയിൽ മാതൃഭാഷയെ ഒഴിവാക്കുന്നത് ഏതു സമ്പ്രദായത്തിന്റെ സ്വഭാവ സവിശേഷതയാണ് ?

(1) സ്വാഭാവിക (2) ദ്വിഭാഷ (3) ശ്രവണഭാഷ (4) ഋജു

**ഭാഷ II മലയാളം** തിരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം V** (**ചോദ്യങ്ങൾ 121-150**) ഉത്തരമെഴുതുക.

Candidates should attempt the questions from **Part-V (Q.No. 121-150)**, if they have opted **MALAYALAM** as **Language-II** only.

## PART-V
## LANGUAGE-II
## MALAYALAM

| |
|---|
| **ഭാഷ-II മലയാളം** തിരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം-V** (**ചോദ്യങ്ങൾ 121-150**) ഉത്തരമെഴുതുക. |

**താഴെക്കൊടുത്തിട്ടുള്ള ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (121-128) ശരിയുത്തരം തിരഞ്ഞെടുത്ത് എഴുതുക.**

സൗന്ദര്യത്തിന് പല തലങ്ങളുണ്ട്. ലളിതമായ സൗന്ദര്യം മുതൽ ഗഹനമായ സൗന്ദര്യം വരെ- സ്ഥൂലമായ സൗന്ദര്യം മുതൽ സൂക്ഷ്മമായ സൗന്ദര്യം വരെ - പല തലങ്ങൾ. വള്ളത്തോൾക്കവിതയിലെ സൗന്ദര്യം ഇതിൽ ഏതു തലത്തിൽ നിലകൊള്ളുന്നു ? ഇതാണ് വള്ളത്തോൾക്കവിതയെ സംബന്ധിക്കുന്ന മർമ്മസ്പർശിയായ ചോദ്യം. ഇതിന് മിക്കവാറും ഒരേ തരത്തിലുള്ള മറുപടിയേ ഉണ്ടാകാൻ സാധ്യതയുള്ളൂ എന്നു ഞാൻ കരുതുന്നു. ആ മറുപടി ഇതായിരിക്കും. വള്ളത്തോൾക്കവിതയിലെ സൗന്ദര്യം എപ്പോഴും സ്ഥൂലമാണ്, ഇന്ദ്രിയനിബദ്ധമാണ്. ബാഹ്യേന്ദ്രിയങ്ങളിൽ ആഹ്ലാദമുളവാക്കുന്ന രൂപങ്ങളും നാദങ്ങളും ഗന്ധങ്ങളുമാണ് ആ സൗന്ദര്യത്തിന്റെ സജീവഘടകങ്ങൾ.

സൗകര്യത്തിനുവേണ്ടി ചിലർ സൗന്ദര്യത്തെ നാലായി തരംതിരിച്ചിരിക്കുന്നു - ലളിതം, മുഗ്ദ്ധം, ഗംഭീരം, ഉദാത്തം എന്നിങ്ങനെ. മുറ്റത്തു നിൽക്കുന്ന സൂര്യകാന്തിപ്പൂവിലും മന്ദഹാസം തൂകുന്ന ശിശുവിലും തെളിഞ്ഞുനില്ക്കുന്നത് ലളിതസൗന്ദര്യമാണ്. കമിതാവിന്റെ നേർക്ക് കടാക്ഷം ചൊരിയുന്ന പ്രേമഭാജനത്തിലും ചിരിച്ചുനിൽക്കുന്ന പൂന്തോട്ടത്തിലും മുഗ്ദ്ധമായ സൗന്ദര്യമുണ്ട്. പടക്കളത്തിലേക്ക് നീങ്ങുന്ന ധീരസേനാനിയിലും ഗഹനമായ കാന്താരത്തിലും ആർത്തിരമ്പുന്ന സാഗരത്തിലും ഗംഭീരമായ സൗന്ദര്യം കാണാം. നീലാകാശത്തിലലിയാൻ ഭാവിച്ചുകൊണ്ട് ഉയർന്നുയർന്നുനിൽക്കുന്ന ഗിരിശൃംഗത്തിലും ശ്രീബുദ്ധപ്രതിമയിലും ക്രിസ്തുരൂപത്തിലും ഉദാത്തമായ സൗന്ദര്യം കാണാം. ഈ സൗന്ദര്യതലങ്ങൾ മനുഷ്യന്റെ മനോഭാവങ്ങളിലും പ്രതിഫലിച്ചു കാണാവുന്നതാണ്. വാത്സല്യം, അനുരാഗം, ധീരത, വിശ്വപ്രേമവും അതിന്റെ ഫലമായ ദുഃഖവും - ഇവയെ ഈ നാലു തലങ്ങളിലായി ക്രമത്തിൽ ഉൾപ്പെടുത്താം. ഇതിൽ ഏതു തലത്തിലുൾപ്പെടും വള്ളത്തോൾക്കവിതയിലെ സൗന്ദര്യം ?

**121.** പശ്ചാത്താപവിവശയായ മറിയത്തെ അവതരിപ്പിക്കുന്ന വള്ളത്തോൾക്കൃതി ഏത് ?

(1) ആമേൻ (2) മഗ്ദലനമറിയം
(3) ദൈവനാമത്തിൽ (4) ശ്രീയേശുവിജയം

**122.** 'ചങ്ങലത്തുമ്പ് ' എന്നതിലെ സന്ധി ?

(1) ലോപം (2) ആഗമം (3) ആദേശം (4) ദ്വിത്വം

**123.** 'പ്രകാശധോരണി' എന്നർത്ഥത്തിൽ ഈ ഭാഗത്തുള്ള പദം ?

(1) ദീപ്തിപൂരം (2) സ്ഥൂലരൂപം
(3) തൂവെള്ളിച്ചങ്ങല (4) അഭിരാമവിശാലം

124. ലളിതവും മുഗ്ദ്ധവുമായ തലങ്ങളുള്ള കവിത രചിച്ചതാര് ?

(1) യേശുക്രിസ്തു (2) വള്ളത്തോൾ (3) ശീമോൻ (4) ശ്രീബുദ്ധൻ

125. മനസ്സിനൊപ്പം സൗന്ദര്യമുള്ളത് എന്ത് ?

(1) വാസന (2) ശരീരം (3) സ്വഭാവം (4) നീതി

126. 'സഹജം' എന്നതിന്റെ വിപരീതപദം :

(1) കൃത്രിമം (2) സഹോദരം (3) സാഹസികം (4) കൃതജ്ഞത

127. 'സ്മരണീയം' എന്ന വാക്കിന്റെ അർത്ഥം ?

(1) മരണമുണ്ടാക്കുന്നത് (2) രമണീയമായത്

(3) ഓർമ്മിക്കത്തക്കത് (4) സമീപത്തുള്ളത്

128. വള്ളത്തോൾ 'ചിത്രവർണ്ണോജ്ജ്വലപ്പട്ടു വിരിച്ചു' കാണിക്കുന്നതെവിടെ ?

(1) ചിത്രകാരന്മാരിൽ (2) ചിത്രങ്ങളിൽ

(3) ശീമോന്റെ മേടയിൽ (4) കലാകാരന്മാരിൽ

**താഴെക്കൊടുത്തിട്ടുള്ള ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (129-135) ശരിയുത്തരം തിരഞ്ഞെടുത്ത് എഴുതുക.**

മലയാളസാഹിത്യം നോക്കുക. ഉടനടിവിപ്ലവംവഴി അനന്തമായ പുരോഗതിയും സ്ഥിതിസമത്വവും കൈവരിക്കാനുള്ള അടവുകളും നയങ്ങളുമായി അരനൂറ്റാണ്ടിലേറെക്കാലം നാം മനപ്പായസം ഉണ്ടുകഴിയുന്നു. പുതിയശീലുകളും സങ്കേതങ്ങളും സംഘടനകളും പ്രഖ്യാപനങ്ങളും അരങ്ങുതകർത്തു വരുന്നു. വിദ്യാഭ്യാസസാംസ്കാരികരംഗം ഇന്നും പുരോഗമനപ്രസ്ഥാനത്തിന്റെ ചോദ്യം ചെയ്യപ്പെടാത്ത മേൽക്കോയ്മയിലാണല്ലോ. 'തൊഴിലാളിവർഗ്ഗസൗന്ദര്യശാസ്ത്രം' എന്നൊരു നവീനസംവേദന പദ്ധതിപോലും രൂപംകൊണ്ടിരിക്കുന്നു പോൽ! എന്നിട്ട് അതെവിടെച്ചെന്നു നിൽക്കുന്നു ? സോവിയറ്റ് ഭരണകൂടത്തിന്റെ അനുകമ്പാർഹമായ പതനത്തിനു ശേഷം ഇപ്പോൾ സാഹിത്യകാരന് (രാഷ്ട്രീയ പ്രവർത്തകനും) ആകെ ഒരുലക്ഷ്യം മാത്രമാണ് നിർദ്ദേശിക്കാനുള്ളത് :

ഇന്ത്യയുടെ ഐക്യം നിലനിർത്തുക! ശരി. അതിനെന്താണു മാർഗ്ഗം ? ആർക്കും രൂപവുമില്ല. ഇന്ത്യയുടെ ഐക്യം എന്തിലാണു നിലനിന്നത് എന്നോ, എങ്ങനെയാണ് നിലനിർത്തിയത് എന്നോ നേതാക്കന്മാർക്കും നിശ്ചയമില്ല. ഇന്ത്യ എന്നൊരു രാഷ്ട്രമില്ല, പതിനാറുരാഷ്ട്രങ്ങളുടെ ഒരു അവിയൽ മാത്രമാണ് ഭാരതം എന്നൊക്കെ ചരിത്രദൃഷ്ട്യാ കണ്ടെത്തിയ പണ്ഡിതന്മാരാരും തന്നെ ആ പഴയവാദം കൈവെടിഞ്ഞതായി കേട്ടിട്ടില്ല. അപ്പോൾ, പുതിയരാഷ്ട്രസങ്കൽപ്പത്തിലേക്ക് അവരെ നയിച്ച വഴി ഏത് എന്നും അവരാരും വെളിപ്പെടുത്തിയിട്ടുമില്ല. ഇന്ത്യയെ ഏകീകരിക്കാനുള്ള അവരുടെ ശരിയായ വിദ്യ എന്താണെന്നും ഒരുവേള അവർക്കു മാത്രമറിയാം!

കെട്ടിനിന്നു ചീഞ്ഞളിയുന്ന ഈ ദാർശനികവൈരുദ്ധ്യത്തിന്റെ ദുർഗ്ഗന്ധം മലയാളത്തിലെ ഒട്ടേറെ പ്രാണബലമുള്ള എഴുത്തുകാരെ വേദനിപ്പിച്ചിട്ടുണ്ട്, വേദനിപ്പിക്കുന്നുണ്ട്. അവരുടെ കാതരവും ക്ഷുഭിതവും ഹൃദയസ്പർശിയുമായ സ്വരം, മലയാളസാഹിത്യത്തിൽ ഇനിയും വറ്റാത്ത പ്രതിഭാ പ്രവർത്തനത്തിന്റെ സാക്ഷ്യമായി തുടർന്നുകേൾക്കുകയും ചെയ്യുന്നു. അൻപതുകളുടെ ആദ്യ ദശയിൽത്തന്നെ 'കുടിയൊഴിക്കൽ' എന്ന കാവ്യമൊഴി,

പോരുമിത്തിരി മെയ്യിന്, സർവ്വം

പോര മാനുഷസത്ത പുലർത്താൻ

എന്നു പ്രഖ്യാപിച്ച വൈലോപ്പിള്ളി മാസ്റ്ററും, ഇരുപതാംനൂറ്റാണ്ടിന്റെ ഇതിഹാസം വഴി പുതിയൊരു മാനുഷികദർശനത്തിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞ അക്കിത്തവും ഇന്ത്യയുടെ ചുവടുമാറ്റം ഇന്ന ദിശയിലാവണം എന്നും വ്യക്തമായി നിർദ്ദേശിച്ചിരുന്നു. നമ്മുടെ ചിരപുരാതനമായ സംസ്കാരത്തെ അതിന്റെ തായ്‌വേരിൽനിന്നുതന്നെ ഉൾക്കൊള്ളാനും, അതുവഴി ഈ കാലഘട്ടത്തിന്റെ തനിമ വിളയിച്ചെടുക്കാനും തുടർന്നിങ്ങോട്ടുള്ള എഴുത്തുകാർ ഉത്സാഹിച്ചിരുന്നതായി കാണാം. പക്ഷേ, പലപ്പോഴും അബോധപൂർവ്വമായിരുന്നു ഇവരുടെ പ്രവർത്തനം എന്നതു മറക്കരുത്. തങ്ങളുടെ തന്നെ പ്രഖ്യാപിതലക്ഷ്യങ്ങൾക്കപ്പുറം സ്വന്തം അന്തരാത്മാവിന്റെ നുണുങ്ങുവെട്ടത്തിൽ അവർ കണ്ടെത്തിയ സത്യങ്ങളെ ആത്മാർത്ഥമായി അവർ ആവിഷ്കരിച്ചിരുന്നു. വയലാർ രാമവർമ്മ, തന്റെ സമരായുധം വാള്ളല്ല എന്നും ആരണ്യാന്തരഗഹ്വരങ്ങളിലെ താപഃസ്ഥാനങ്ങളിൽ അന്തർമ്മുഖരായി പ്രപഞ്ചപരിണാമസാരം കണ്ടെത്തിയവരെ നമിക്കുകയും ചെയ്തു.

**129.** 'പില്ക്കാല എഴുത്തുകാർ ഉത്സാഹിച്ചിരുന്നത്' എന്തിന് ?

(1) ഭാരതസംസ്കാരത്തെ സ്വാംശീകരിക്കാതിരിക്കാൻ

(2) ഭാരതസംസ്കാരത്തെ ഭാഗികമായി സ്വാംശീകരിക്കാൻ

(3) ഭാരതസംസ്കാരത്തിന്റെ തനിമ ഇല്ലാതാക്കാൻ

(4) ഭാരതസംസ്കാരത്തെ സ്വാംശീകരിച്ച് തനിമ സൃഷ്ടിക്കാൻ

**130.** അരനൂറ്റാണ്ടിലേറെ മനപ്പായസം ഉണ്ടുകഴിഞ്ഞത് :

(1) പുതിയശീലുകൾ (2) മലയാളസാഹിത്യം

(3) സംഘടനകൾ (4) സങ്കേതങ്ങൾ

**131.** 'അന്തർമുഖൻ' എന്നതിന്റെ വിപരീതപദം :

(1) ബഹിർമുഖൻ (2) ബഹുമുഖൻ (3) സുമുഖൻ (4) അധോമുഖൻ

**132.** 'കുടിയൊഴിക്കൽ' എന്ന കൃതി രചിച്ചതാര് ?

(1) അക്കിത്തം (2) വയലാർ (3) പണ്ഡിതൻ (4) വൈലോപ്പിള്ളി

133. 'മൗലികത' എന്നർത്ഥം വരാവുന്ന വിധത്തിൽ ഇതിൽ പ്രയോഗിച്ചിട്ടുള്ള വാക്ക് :

(1) അവിയൽ (2) ഒരുവേള (3) തനിമ (4) സമരം

134. ഇപ്പോഴത്തെ ഏകലക്ഷ്യം എന്ത് ?

(1) ഭാരതത്തിന്റെ ഐക്യം ഭാഗികമായി നിലനിർത്തുക.

(2) ഭാരതത്തിന്റെ ഐക്യം തകർക്കുക.

(3) ഭാരതത്തിന്റെ ഐക്യം നിലനിർത്തുക.

(4) ഭാരതത്തിന്റെ ഐക്യം ഭാഗികമായി തകർക്കുക.

135. 'ഇരുപതാംനൂറ്റാണ്ടിന്റെ ഇതിഹാസം' എഴുതിയതാര് ?

(1) അക്കിത്തം (2) ഒ വി വിജയൻ

(3) വൈലോപ്പിള്ളി (4) അയ്യപ്പപ്പണിക്കർ

136. ഭാഷാപരമായ കാര്യശേഷി പഠിതാക്കളെ പ്രാപ്തരാക്കുന്നത് :

(1) വ്യാകരണപരമായി ശരിയും തെറ്റുമായ വാക്യങ്ങളെ വിവേചിച്ച് അറിയാൻ

(2) വ്യാകരണപരമായി ശരിയല്ലെങ്കിലും ഒഴുക്കോടെ സംസാരിക്കാൻ

(3) ഭാഷ കൃത്യതയോടെ എങ്ങനെ, എപ്പോൾ പ്രയോഗിക്കണം എന്നറിയാൻ

(4) കൂടുതൽ കൂടുതൽ ഇംഗ്ലിഷ് പ്രയോഗിക്കാൻ

137. പഠിതാക്കളെ __________ നു സഹായിക്കുന്നതാകയാൽ പ്രാഥമികതലത്തിലെ അദ്ധ്യാപിക അവരെ പൊതുവിൽ നിറം കൊടുക്കാനും വരയ്ക്കാനും പ്രേരിപ്പിക്കാറുണ്ട്.

(1) പഠിതാക്കളെ ക്ലാസിൽ നിശ്ശബ്ദരായി ഇരുത്തുന്നതിന്

(2) നല്ല ചലനശേഷി വികസിപ്പിക്കുന്നതിന്

(3) പഠിതാക്കളെ വിനോദിപ്പിക്കുന്നതിന്

(4) പഠിപ്പിക്കുന്നതിൽനിന്ന് അദ്ധ്യാപികയ്ക്ക് ആശ്വാസം കിട്ടുന്നതിന്

138. __________ ഉണ്ടായിരിക്കുമ്പോൾ കുട്ടികൾ ഭാഷ ഏറ്റവും ഫലപ്രദമായി പഠിക്കുന്നു.

(1) ഒരു വിദഗ്ധയായ ഭാഷാദ്ധ്യാപിക

(2) നല്ലപാഠപുസ്തകം

(3) സഹജവാസനകൾക്ക് അനുഭവപ്പെടുന്ന വിലക്ക്

(4) പ്രചോദനം

**139.** അധ്യാപിക ക്ലാസ് മുറിയിൽ സമൂഹചർച്ചയെയും സതീർത്ഥ്യപങ്കാളിത്തത്തെയും പ്രോത്സാഹിപ്പിക്കുന്നു. അക്ഷരത്തെറ്റോ ഉച്ചാരണവൈകല്യമോ തിരുത്താൻ അവർ മിനക്കെടുന്നില്ല. അവർ ഉപയോഗിക്കുന്നത്, ക്ലാസ് മുറിയിലെ __________ സമീപനമാണ്.

(1) പരമ്പരാഗത

(2) പല ഉറവിടങ്ങളിൽനിന്ന് ഉത്തമാംശം സ്വീകരിക്കുന്ന രീതി

(3) ഘടനാപര

(4) ജ്ഞാനനിർമിതിപര

**140.** പാഠത്തിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷ പഠിതാക്കൾക്കു മനസ്സിലാക്കാൻ വളരെ പ്രയാസമുള്ളതാണെന്ന് അദ്ധ്യാപിക എന്ന നിലയിൽ നിങ്ങൾ കണ്ടറിയുന്നു. നിങ്ങൾ ഭാഷയെ ലളിതീകരിക്കുകയും നിങ്ങളുടെ പഠിതാക്കൾക്ക് ഇണങ്ങുന്ന വിധത്തിൽ ചില മാറ്റങ്ങൾ വരുത്തുകയും ചെയ്യുന്നു. നിങ്ങൾ ചെയ്തതിനെ പറയുന്നത് :

(1) അനുവർത്തനം (2) അനുയോജ്യമാക്കൽ

(3) മൂല്യനിർണയം (4) പുനഃപരിശോധന

**141.** സ്കൂളിൽ പോകുന്നു എന്നതിനാൽ രാജു ഇന്ന് വളരെ സന്തുഷ്ടനാണ്. തന്റെ കുടുംബത്തിൽ നിന്ന് ആദ്യമായി സ്കൂളിൽ പോകുന്നത് അവനാണ്. അവന്റെ മാതാപിതാക്കൾ ഉൾപ്പെടുന്ന ആരും തന്നെ സ്കൂൾപ്രവേശം ഒരിക്കലും നേടിയിരുന്നില്ല. അതുകൊണ്ട് രാജു ഒരു __________ ആണ്.

(1) ഒന്നാംതലമുറ (2) രണ്ടാംതലമുറ (3) പ്രാന്തീകൃതർ (4) ന്യൂനപക്ഷം

**142.** നിങ്ങൾ പഠിപ്പിക്കാൻ പോകുമ്പോൾ കാണുന്നത് പാഠപുസ്തകം ഗാനങ്ങളോടും ചിത്രകഥകളോടും കൂടി ആരംഭിക്കുകയും അക്ഷരമാലയിൽ അവസാനിക്കുകയും ചെയ്യുന്നതാണ്. ഭാഷാധ്യാപകബോധനശാസ്ത്രത്തിലെ ഏതു സമീപനമാണ് ഈ ക്രമീകരണം നടത്തുന്നത് ?

(1) കീഴ്മേൽസമീപനം (പാദാദികേശസമീപനം)

(2) തലകീഴുസമീപനം

(3) പല ഉറവിടങ്ങളിൽനിന്ന് ഉത്തമാംശം സ്വീകരിക്കുന്ന സമീപനം

(4) സൗന്ദര്യാത്മകസമീപനം

**143.** വ്യവസ്ഥാപിതപരിശീലനം കൂടാതെ സ്വാഭാവികമായി ഭാഷ പഠിക്കുന്നതിനെ പറയുന്നതാണ് :

(1) വ്യുത്പത്തി (2) ആർജ്ജനം (3) സ്വീകരണം (4) പഠനം

144. __________ ന്റെ പ്രധാനസവിശേഷതകളിൽ ഒന്ന് എന്താണെന്നുവച്ചാൽ, പഠിതാക്കൾ ജോടിയായോ സംഘങ്ങളായോ സമൂഹമായി പ്രശ്നങ്ങൾ പരിഹരിക്കുന്നു എന്നതാണ്.

(1) ആശയവിനിമയപരമായ ഭാഷാധ്യാപനം

(2) ചേഷ്ടാവാദസമീപനം

(3) സമഗ്രഭാഷാസമീപനം

(4) ഘടനാപരസമീപനം

145. 'മലിനീകരണം' എന്ന വിഷയത്തിൽ ഒരുപഠനരൂപരേഖ തയ്യാറാക്കുമ്പോൾ ഏതായിരിക്കും നിങ്ങളുടെ ആദ്യചുവടുവയ്പ് ?

(1) ആമുഖചോദ്യങ്ങൾ തയ്യാറാക്കുക.

(2) വിഷയം പലതവണ മനസ്സിലാക്കുക.

(3) പഠനസഹായികൾ തിരഞ്ഞെടുക്കുക.

(4) ഉദ്ദേശ്യലക്ഷ്യങ്ങൾ രൂപകല്പന ചെയ്യുക.

146. 'വെള്ളം' എന്നതിനെപ്പറ്റി ഒരുഖണ്ഡിക തയ്യാറാക്കാൻ അദ്ധ്യാപിക പഠിതാക്കളോട് ആവശ്യപ്പെടുന്നു. അപ്പോൾ പഠിതാക്കൾ തങ്ങൾ ശാസ്ത്ര, സാമൂഹികശാസ്ത്ര ക്ലാസുകളിൽ പഠിച്ചതിനെക്കുറിച്ചെല്ലാം ചർച്ചചെയ്യാൻ തുടങ്ങുന്നു. തുടർന്ന് അവർ വെള്ളത്തെക്കുറിച്ച് ഒരു ഖണ്ഡിക എഴുതാൻ തുടങ്ങുന്നു. ഇത് ഉദാഹരണമാക്കുന്നത് :

(1) ഉപയോഗഭാഷ (2) ശാസ്ത്രഭാഷ

(3) പൊതുപാഠ്യപദ്ധതീഭാഷ (4) ആശയവിനിമയഭാഷ

147. എല്ലാവരും ഹിന്ദീ സംസാരിക്കുന്ന ഒരു ഗ്രാമത്തിലാണ് നിങ്ങൾ ജനിച്ചുവളർന്നത്. അതുകൊണ്ട് സ്കൂളിൽ പോകാതെ തന്നെ നിങ്ങളും ഈ ഭാഷ ഉപയോഗിക്കാൻ തുടങ്ങി. പിന്നീട് സ്കൂളിൽ പോയപ്പോൾ നിങ്ങൾ ഇംഗ്ലിഷും സംസ്കൃതവും ഹിന്ദീയും ഉറുദുവും പഠിച്ചു. ഇപ്പോൾ നിങ്ങൾ നല്ല ഒഴുക്കോടെ ഇംഗ്ലിഷ് സംസാരിക്കുന്നു. ഇപ്പോൾ ഏതാണ് നിങ്ങളുടെ ഒന്നാംഭാഷ ?

(1) ഇംഗ്ലിഷ് (2) ഹിന്ദീ (3) ഉറുദു (4) സംസ്കൃതം

148. ഒരധ്യാപിക ജീവിതാവശ്യത്തിനുള്ള യഥാർത്ഥവസ്തുക്കളായ കുട, മഴക്കോട്ട്, സ്ക്രൂ ഡ്രൈവർ മുതലായവ ക്ലാസിൽ കൊണ്ടുവരുന്നു. ആ വസ്തുക്കളെപ്പറ്റി രണ്ടോ മൂന്നോ വാക്യത്തിൽ വിവരിക്കാൻ അവർ പഠിതാക്കളോട് ആവശ്യപ്പെടുന്നു. അദ്ധ്യാപിക ക്ലാസിൽ കൊണ്ടുവരുന്ന ആ വസ്തുക്കളെ സാങ്കേതികമായി പറയുന്നത് :

(1) ഭാഷാസാമഗ്രികൾ

(2) ബോധനോപകരണങ്ങൾ

(3) ഉപകരണങ്ങൾ

(4) പഠനസഹായിയായി ഉപയോഗിക്കുന്ന നിത്യജീവിതത്തിലെ വസ്തുക്കൾ

149. കാലം ക്ലാസിൽ പഠിപ്പിക്കുന്നതിനുവേണ്ടി ഒരേയാളുടെ രണ്ടുചിത്രങ്ങൾ നിങ്ങൾ ഉപയോഗിക്കുന്നു. ഒരുചിത്രം 15 വർഷം മുൻപ് എടുത്തതും അടുത്തത് തൊട്ടുമുൻപ് എടുത്തതും. അയാളുടെ വർത്തമാനകാലത്തെയും ഭൂതകാലത്തെയും -അയാളുടെ രൂപം, ശീലങ്ങൾ - കുറിച്ച് ഒരു സംഭാഷണം നിങ്ങൾ ആരംഭിക്കുന്നു. ഇപ്പോൾ നിങ്ങൾ ഉപയോഗിക്കുന്നത് ?

(1) നിർദ്ദേശാത്മകവ്യാകരണം

(2) ഘടനാപരവ്യാകരണം

(3) അധ്യാപകബോധനശാസ്ത്രവ്യാകരണം

(4) നിയമാധിഷ്ഠിതവ്യാകരണം

150. ഒരു ക്ലാസിന്റെയോ കോഴ്സിന്റെയോ ഒടുവിൽ പഠിതാക്കൾ നിർബന്ധമായും ആർജ്ജിച്ചിരിക്കേണ്ട ജ്ഞാനം, നൈപുണികൾ, അഭിരുചികൾ എന്നിവയെപ്പറ്റി വിവരിക്കുന്ന പ്രസ്താവനകൾ ഏതിന്റെ കീഴിലാണ് വരുന്നത് ?

(1) ബോധനഫലങ്ങൾ
(2) പഠനഫലങ്ങൾ
(3) സംഖ്യാശാസ്ത്രഫലങ്ങൾ
(4) അടിസ്ഥാനസാക്ഷരതാഫലങ്ങൾ

- o O o -

SPACE FOR ROUGH WORK

: താഴെത്തന്നിരിക്കുന്ന നിർദ്ദേശങ്ങൾ സശ്രദ്ധം വായിക്കുക :

1. വിവിധചോദ്യങ്ങൾക്ക് ഉത്തരമെഴുതേണ്ടവിധം പരീക്ഷാപുസ്തികയിൽ നൽകിയിരിക്കുന്നത് ശ്രദ്ധിച്ചു വായിച്ചശേഷം ഉത്തരമെഴുതാൻ തുടങ്ങുക.
2. ഓരോ ചോദ്യത്തിനും നാലു പക്ഷാന്തരങ്ങൾ തന്നിരിക്കുന്നു, അവയിൽ ശരിയുത്തരത്തിനുള്ള വട്ടത്തിൽ OMR ഉത്തരക്കടലാസ്സിൽ നീലപ്പേനകൊണ്ട് പൂർണ്ണമായും നിറച്ച് രേഖപ്പെടുത്തുക. ഒരിക്കൽ രേഖപ്പെടുത്തിയ ഉത്തരം മാറ്റാവുന്നതല്ല.
3. ഉത്തരക്കടലാസ്സ് മടക്കരുത്. അതിൽ അനാവശ്യമായ രേഖപ്പെടുത്തലുകളോ മറ്റോ ഇല്ല എന്ന് പരീക്ഷാർത്ഥികൾ ഉറപ്പുവരുത്തുക. നിർദ്ദേശിച്ച ഇടത്തല്ലാതെ മറ്റൊരിടത്തും സ്വന്തം റോൾ നമ്പർ എഴുതരുത്.
4. പരീക്ഷാപുസ്തിക സൂക്ഷിച്ചു കൈകാര്യം ചെയ്യുക. യാതൊരു കാരണവശാലും (പരീക്ഷാപുസ്തികസങ്കേതമോ ഉത്തരക്കടലാസ്സിലെ സങ്കേതമോ തമ്മിലുള്ള അപാകമൊഴിച്ച്) മറ്റൊരു സെറ്റ് ലഭിക്കുന്നതല്ല.
5. ഹാജർ ഷീറ്റിൽ ശരിയായ പരീക്ഷാപുസ്തികസങ്കേതവും ഉത്തരക്കടലാസ്സ് സങ്കേതവും പരീക്ഷാർത്ഥി എഴുതിയിരിക്കണം.
6. OMR ഉത്തരക്കടലാസ് പരിശോധിക്കുന്നത് ഒരു യന്ത്രമായതിനാൽ സൂചനകൾ അപൂർണ്ണമോ അഡ്മിറ്റ് കാർഡിൽ നിന്നു വ്യത്യസ്തമോ ആവരുത്.
7. അഡ്മിറ്റ് കാർഡ് ഒഴിച്ച് അച്ചടിച്ചതോ എഴുതിയതോ ആയ യാതൊരു പ്രമാണമോ കടലാസ്സുകഷ്ണങ്ങളോ പേജറോ മൊബൈൽ ഫോണോ വൈദ്യുതി ഉപകരണങ്ങളോ മറ്റൊരു വസ്തുവും പരീക്ഷാർത്ഥിയുടെ കൈവശം ഉണ്ടാവരുത്.
8. മൊബൈൽ ഫോണോ മറ്റു വയർലസ് സംവിധാനങ്ങളോ (സ്വിച്ച് ഓഫ് മോഡിൽപോലും) നിരോധിക്കപ്പെട്ട വസ്തുക്കളോ പരീക്ഷാ ഹാളിൽ കൊണ്ടുവരരുത്. ഈ നിർദ്ദേശത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്നത് പരീക്ഷാ ക്രമക്കേടിന്റെ ഭാഗമായി കണക്കാക്കി പരിക്ഷാർത്ഥിക്കെതിരെ പരീക്ഷ റദ്ദാക്കുന്നതുൾപ്പടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
9. ആവശ്യപ്പെട്ടാൽ ഇൻവിജിലേറ്ററെ അഡ്മിറ്റ് കാർഡ് കാണിക്കേണ്ടതാണ്.
10. സെന്റർ സൂപ്രണ്ടിന്റെയോ/ഇൻവിജിലേറ്ററുടെയോ പ്രത്യേക അനുമതിയില്ലാതെ പരീക്ഷാർത്ഥി സ്വന്തം ഇരിപ്പിടം വിടരുത്.
11. ഹാജർഷീറ്റ് രണ്ടുതവണ ഒപ്പിടുകയും ഉത്തരക്കടലാസ്സ് തിരിച്ച് ഇൻവിജിലേറ്ററെ ഏല്പിക്കുകയും ചെയ്യാതെ പരീക്ഷാർത്ഥി പരീക്ഷാ ഹാൾ വിടരുത്. രണ്ടാംപ്രാവശ്യം ഹാജർ ഷീറ്റ് ഒപ്പിടാത്ത കേസുകൾ ഉത്തരക്കടലാസ്സ് ഏല്പിക്കാത്തതായും ക്രമക്കേടുകാട്ടിയതായും കണക്കാക്കും. **ഹാജർഷീറ്റിൽ പറഞ്ഞിട്ടുള്ളസ്ഥാനത്ത് പരീക്ഷാർത്ഥി തന്റെ ഇടതുകൈയിലെ വിരലടയാളം പതിച്ചിരിക്കേണ്ടതാണ്.**
12. ഇലക്ട്രോണിക്/മാനുഷിക കാൽക്കുലേറ്റർ നിരോധിച്ചിരിക്കുന്നു.
13. ബോർഡിന്റെ എല്ലാനിയമങ്ങളും നിബന്ധനകളും പരീക്ഷാർത്ഥിക്കു ബാധകമാണ്. എല്ലാവിധക്രമക്കേടുകളിലും ബോർഡിന്റെ നിയമവും നിബന്ധനയും അനുസരിച്ച് ഇടപെടുന്നതായിരിക്കും.
14. പരീക്ഷാപുസ്തികയുടെയും ഉത്തരക്കടലാസ്സിന്റെയും യാതൊരു അംശവും വേർപെടുത്തുവാൻപാടില്ല.
15. പരീക്ഷ എഴുതിക്കഴിഞ്ഞാൽ പരീക്ഷാർത്ഥികൾ ഉത്തരക്കടലാസ്സ് ഇൻവിജിലേറ്ററെ ഏല്പിച്ചിരിക്കണം. ഈ പുസ്തിക പരീക്ഷാർത്ഥിക്ക് കൂടെ കൊണ്ടുപോകാവുന്നതാണ്.

## निम्नलिखित निर्देशों को ध्यान से पढ़ें :

1. जिस प्रकार से विभिन्न प्रश्नों के उत्तर दिए जाने हैं उसका वर्णन परीक्षा पुस्तिका में किया गया है, जिसे आप प्रश्नों का उत्तर देने से पहले ध्यान से पढ़ लें।
2. प्रत्येक प्रश्न के लिए दिए गए चार विकल्पों में से सही उत्तर के लिए OMR उत्तर पत्र के **पृष्ठ-2** पर केवल एक वृत्त को ही पूरी तरह **नीले/काले बॉल पॉइन्ट पेन** से भरें। एक बार उत्तर अंकित करने के बाद उसे बदला नहीं जा सकता है।
3. परीक्षार्थी सुनिश्चित करें कि इस उत्तर पत्र को मोड़ा न जाए एवं उस पर कोई अन्य निशान न लगाएँ। परीक्षार्थी अपना अनुक्रमांक उत्तर-पत्र में निर्धारित स्थान के अतिरिक्त अन्यत्र न लिखें।
4. परीक्षा पुस्तिका एवं उत्तर पत्र का ध्यानपूर्वक प्रयोग करें, क्योंकि किसी भी परिस्थिति में (केवल परीक्षा पुस्तिका एवं उत्तर पत्र के कोड या संख्या में भिन्नता की स्थिति को छोड़कर) दूसरी परीक्षा पुस्तिका उपलब्ध नहीं करायी जाएगी।
5. परीक्षा पुस्तिका/उत्तर पत्र में दिए गए परीक्षा पुस्तिका कोड व संख्या को परीक्षार्थी सही तरीके से उपस्थिति-पत्र में लिखें।
6. OMR उत्तर पत्र में कोडित जानकारी को एक मशीन पढ़ेगी। इसलिए कोई भी सूचना अधूरी न छोड़ें और यह प्रवेश-पत्र में दी गई सूचना से भिन्न नहीं होनी चाहिए।
7. परीक्षार्थी द्वारा परीक्षा हॉल/कक्ष में प्रवेश-पत्र के सिवाय किसी प्रकार की पाठ्य-सामग्री, मुद्रित या हस्तलिखित, कागज़ की पर्चियाँ, पेजर, मोबाइल फोन, इलेक्ट्रॉनिक उपकरण या किसी अन्य प्रकार की सामग्री को ले जाने या उपयोग करने की अनुमति नहीं है।
8. मोबाइल फोन, बेतार संचार युक्तियाँ (स्विच ऑफ अवस्था में भी) और अन्य प्रतिबंधित वस्तुएँ परीक्षा हॉल/कक्ष में नहीं लाई जानी चाहिए। इस सूचना का पालन न होने पर इसे परीक्षा में अनुचित साधनों का प्रयोग माना जाएगा और परीक्षार्थी विरुद्ध कार्यवाही की जाएगी, परीक्षा रद्द करने सहित।
9. पूछे जाने पर प्रत्येक परीक्षार्थी, निरीक्षक को अपना प्रवेश-पत्र दिखाएँ।
10. केन्द्र अधीक्षक या निरीक्षक की विशेष अनुमति के बिना कोई परीक्षार्थी अपना स्थान न छोड़ें।
11. कार्यरत निरीक्षक को अपना उत्तर पत्र दिए बिना एवं उपस्थिति-पत्र पर दुबारा हस्ताक्षर किए बिना परीक्षार्थी परीक्षा हॉल/कक्ष नहीं छोड़ेंगे। यदि किसी परीक्षार्थी ने दूसरी बार उपस्थिति-पत्र पर हस्ताक्षर नहीं किए, तो यह माना जाएगा कि उसने उत्तर पत्र नहीं लौटाया है और यह अनुचित साधन का मामला माना जाएगा। **परीक्षार्थी अपने बाएँ हाथ के अंगूठे का निशान उपस्थिति-पत्र में दिए गए स्थान पर अवश्य लगाएँ।**
12. इलेक्ट्रॉनिक/हस्तचालित परिकलक का उपयोग वर्जित है।
13. परीक्षा हॉल/कक्ष में आचरण के लिए परीक्षार्थी परीक्षण संस्था के सभी नियमों एवं विनियमों द्वारा नियमित हैं। अनुचित साधनों के सभी मामलों का फैसला परीक्षण संस्था के नियमों एवं विनियमों के अनुसार होगा।
14. किसी भी परिस्थिति में परीक्षा पुस्तिका और उत्तर पत्र का कोई भाग अलग न करें।
15. **परीक्षा सम्पन्न होने पर, परीक्षार्थी हॉल/कक्ष छोड़ने से पूर्व उत्तर पत्र निरीक्षक को अवश्य सौंप दें।** ***परीक्षार्थी अपने साथ इस परीक्षा पुस्तिका को ले जा सकते हैं।***

## READ THE FOLLOWING INSTRUCTIONS CAREFULLY :

1. The manner in which the different questions are to be answered has been explained in the Test Booklet which you should read carefully before actually answering the questions.
2. Out of the four alternatives for each question, only one circle for the correct answer is to be darkened completely with **Blue / Black Ball Point Pen** on **Side-2** of the OMR Answer Sheet. The answer once marked is not liable to be changed.
3. The candidates should ensure that the Answer Sheet is not folded. Do not make any stray marks on the Answer Sheet. Do not write your Roll No. anywhere else except in the specified space in the Answer Sheet.
4. Handle the Test Booklet and Answer Sheet with care, as under no circumstances (except for discrepancy in Test Booklet Code or Number and Answer Sheet Code or Number), another set will be provided.
5. The candidates will write the correct Test Booklet Code and Number as given in the Test Booklet/Answer Sheet in the Attendance Sheet.
6. A machine will read the coded information in the OMR Answer Sheet. Hence, no information should be left incomplete and it should not be different from the information given in the Admit Card.
7. Candidates are not allowed to carry any textual material, printed or written, bits of papers, pager, mobile phone, electronic device or any other material except the Admit Card inside the examination hall/room.
8. Mobile phones, wireless communication devices (even in switched off mode) and the other banned items should not be brought in the examination halls/rooms. Failing to comply with this instruction, it will be considered as using unfair means in the examination and action will be taken against the Candidate including cancellation of examination.
9. Each candidate must show on demand his/her Admit Card to the Invigilator.
10. No candidate, without special permission of the Centre Superintendent or Invigilator, should leave his/her seat.
11. The candidates should not leave the Examination Hall/Room without handing over their Answer Sheet to the Invigilator on duty and sign the Attendance Sheet twice. Cases where candidate has not signed the Attendance Sheet second time will be deemed not to have handed over the Answer Sheet and dealt with as an unfair means case. **The candidates are also required to put their left hand THUMB impression in the space provided in the Attendance Sheet.**
12. Use of Electronic/Manual Calculator is prohibited.
13. The candidates are governed by all Rules and Regulations of the Examining Body with regard to their conduct in the Examination Hall/Room. All cases of unfair means will be dealt with as per Rules and Regulations of the Examining Body.
14. No part of the Test Booklet and Answer Sheet shall be detached under any circumstances.
15. **On completion of the test, the candidate must hand over the Answer Sheet to the Invigilator in the Hall / Room.** ***The candidates are allowed to take away this Test Booklet with them.***